സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പത്താം ശമ്പള പരിഷ്ക്കരണം – ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്ക്കരവും ഫിക്സേഷനും പരിശോധിച്ച് അംഗീകാരം നൽകുന്നതിന് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 515/16/Est-1** നന്തൻകോട്, **16/07/2016**

---

പരാമർശം :– (1) 01–07–2016 ലെ മേൽ നമ്പർ ഉത്തരവ്.
(2) തിരുവനന്തപുരം അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 13–07–2016 ലെ A-1/2016 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

സർക്കാരിലെ ക്രമം പത്താം ശമ്പളപരിഷ്ക്കരണം തിരുവിതാംകൂർ ദേവസ്വം ബോർഡിലും അനുവദിച്ച് പരാമർശം ഒന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ക്ഷേത്ര ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം അനുവദിക്കുന്നതിന് മുൻപ് അസിസ്റ്റന്റ് അക്കൗണ്ട്സ് ആഫീസർമാരുടെ അംഗീകാരം വാങ്ങിയിരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുള്ളതാണ്.

തിരുവനന്തപുരം അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ടാഫീസിൽ പ്രസ്തുത ജോലി നിർവ്വഹിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് വിവരിച്ചുകൊണ്ടുള്ള തിരുവനന്തപുരം അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ പരാമർശം രണ്ട് റിപ്പോർട്ട് ലഭിച്ചതിനെ തുടർന്ന് ബോർഡ് ഇക്കാര്യം വിശദമായി പരിശോധിച്ച് ചർച്ച ചെയ്തു.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം സംബന്ധിച്ചുള്ള ഫിക്സേഷൻ അതാത് ആഫീസുകളിലാണ് നിർവ്വഹിക്കുന്നത്. ഈ സാഹചര്യത്തിൽ ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണവും ഫിക്സേഷനും അസിസ്റ്റന്റ് അക്കൗണ്ട്സ് ആഫീസർമാർ പരിശോധിച്ച് അംഗീകരിക്കണമെന്നത് യുക്തിസഹമല്ലാത്തതിനാലും 28–04–2016 ലെ പുനർവിന്യാസ ഉത്തരവിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതിനാലും ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്ക്കാരം, ഗ്രേഡ് തുടങ്ങിയവ അതാത് ഗ്രൂപ്പാഫീസുകളിൽ പരിശോധിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ അംഗീകാരം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :–

1. All Heads of Departments & Offices under Travancore Devaswom Board.
2. EDP Section
3. Accounts Section, Devaswom Board Office.
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

SK